

# സ്വപ്നവിദ്യാലയം

# മാസ്റ്റർ പ്ലാൻ

## സി. എം. എസ് എൽ പി സ്കൂൾ. തേർഷുക്കര



# ഉള്ളടക്കം

1. ആമുഖം
2. ലക്ഷ്യങ്ങൾ
3. വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്
4. പദ്ധതി രൂപീകരണ പ്രക്രിയ
5. നിലവിലെ അവസ്ഥാ വിശകലനം
6. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ
7. പദ്ധതി വിശദാംശങ്ങൾ

   (മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം)
8. പ്രതീക്ഷിത നേട്ടങ്ങൾ
9. മോണിട്ടറിംഗ്
10. ഉപസംഹാരം

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| 1. വിദ്യാലയത്തിന്റെ പേര് | : സി.എം. എസ്. എൽ. പി. സ്കൂൾ, ആർപ്പൂക്കര |
| വിലാസം | : വില്ലൂന്നി പി.ഒ., ആർപ്പൂക്കര |
| ഫോൺ | 9744566100 |
| 2. സ്കൂൾ കോഡ് | : 33218 |
| 3. വിദ്യാഭ്യാസ ഉപജില്ല | : കോട്ടയം വെസ്റ്റ് |
| 4. വിദ്യാഭ്യാസ ജില്ല | : കോട്ടയം |
| 5. റവന്യൂ ജില്ല | : കോട്ടയം |
| 6. BRC | : കിളിരൂർ |
| 7. CRC | : G.L.P.S ആർപ്പൂക്കര |
| 8. ഗ്രാമപഞ്ചായത്ത് | : ആർപ്പൂക്കര |
| 9. ബ്ലോക്ക് | : ഏറ്റുമാനൂർ |
| 10. ജില്ലാ പഞ്ചായത്ത് | : കോട്ടയം |
| 11. നിയോജക മണ്ഡലം | : ഏറ്റുമാനൂർ |
| 12. ലോകസഭാ മണ്ഡലം | : കോട്ടയം |
| 13. താലൂക്ക് | : കോട്ടയം |
| 14. വില്ലേജ് | : ആർപ്പൂക്കര |
| 15. Email | : cmslps.arpookara@gmail.com |

# ആമുഖം

1850-ൽ മിഷനറിമാരാൽ സ്ഥാപിതമായ വിദ്യാലയമാണ് ആർപ്പൂക്കര സി.എം.എസ്. എൽ.പി. സ്കൂൾ. ആർപ്പൂക്കരയിലെ ആദ്യത്തെ വിദ്യാലയം കൂടിയാണ് ഇത്. ഇന്നും ഈ വിദ്യാലയം ഈ നാടിന് അഭിമാനമായി നിലകൊള്ളുന്നു. ദേശീയ അന്തർദേശീയ തലത്തിലുള്ള മികവുറ്റ വ്യക്തിത്വങ്ങളെ വാർത്തെടുക്കുവാൻ ഈ സ്കൂളിന് സാധിച്ചിട്ടുണ്ട്.

ഇന്ന് 100ൽ പ്പരം വിദ്യാർത്ഥികൾ ഇവിടെ പഠനം നടത്തിവരുന്നു. 4 അധ്യാപികമാരുടെ സേവനം ലഭ്യമായിക്കൊണ്ടിരിക്കുന്നു. പ്രഥമാധ്യാപികയായി ശ്രീമതി. [illegible] പ്രവർത്തിച്ചുവരുന്നു. 2005 മുതൽ ഇവിടെ നേഴ്സറി സ്കൂൾ പ്രവർത്തിച്ചു വരുന്നു. ഇതിലേയ്ക്കായി 2 അധ്യാപികമാരും സേവനം അനുഷ്ഠിക്കുന്നു. ഉച്ചഭക്ഷണം പാകം ചെയ്യുന്നതിനായി ശ്രീമതി. ലീലാമ്മ [illegible] സ്കൂൾ വാനിൽ കുട്ടികളെ നോക്കുന്നതിനായി റോസമ്മ കെ.ഡി യും പ്രവർത്തിച്ചു വരുന്നു.

[illegible] സ്കൂൾ വർഷം ടി സ്കൂളിന് പാഠ്യേതര പ്രവർത്തനങ്ങൾക്ക് മികച്ച നേട്ടങ്ങൾ കൈവരിക്കുകയുണ്ടായി. പ്രവൃത്തി പരിചയ മേള, കലോത്സവം, ഗണിതശാസ്ത്രമേള എന്നിവയ്ക്ക് സമ്മാനങ്ങൾ ലഭിക്കുകയുണ്ടായി. അതിൽ ഗണിതശാസ്ത്രമേളയ്ക്ക് ഓവറോൾ 2-ാം സ്ഥാനം ലഭിച്ചത് വളരെ പ്രശംസനീയമാണ്. ഇതിൽ പ്രവർത്തിച്ച അധ്യാപകരേയും വിദ്യാർത്ഥികളേയും പ്രത്യേകം അനുമോദിക്കുന്നു.

കുട്ടികളുടെ പഠനനിലവാരവും മെച്ചപ്പെട്ടു വരുന്നു. ശ്രദ്ധ, മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, ക്ലാസ് ലൈബ്രറി എന്നിവ വളരെ സഹായകകരമാണ്.

സാമ്പത്തികമായി വളരെ പിന്നോക്കാവസ്ഥയിലുള്ള കുട്ടികളാണ് ഇവിടെ പഠനം നടത്തി വരുന്നത്. ദൂരെയുള്ള കുട്ടികളെ സ്കൂളിൽ എത്തിക്കാൻ രക്ഷിതാക്കളുടെ നേതൃത്വത്തിൽ ഒരു Ominivan ഓട്ടം നടത്തുന്നുണ്ട്. സ്കൂളിന് സ്വന്തമായി ഒരു സ്കൂൾ ബസ് ലഭിച്ചിരുന്നുവെങ്കിൽ കൂടുതൽ സൗകര്യപ്രദമാകുമായിരുന്നു. സ്കൂൾ കെട്ടിടത്തിനാവശ്യമായ വാതിലുകളും ജനലുകളും അടുക്കള, ഊണുമുറി, ലൈബ്രറി പുസ്തകങ്ങൾ ശേഖരിച്ചുവെയ്ക്കുവാനുള്ള Shelf ഇവയും സ്കൂൾ അഭിമുഖീകരിക്കുന്ന മറ്റ് പ്രതിസന്ധികളാണ്.

## ലക്ഷ്യങ്ങൾ

- ഓരോ ക്ലാസുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക.
- ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
- കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുക.
- ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നതിന് അധ്യാപകർക്ക് വിവിധ പരിശീലനങ്ങൾ നൽകുക.
- ഐ.സി.ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും.
- മുഴുവൻ ക്ലാസുകളിലും ഐസിടി സാധ്യത ഉറപ്പുവരുത്തുക.
- പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക.
- ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കുക.
- പഠനപിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക.
- വിദ്യാലയം തന്നെ പാഠപുസ്തകം എന്ന രീതിയിലേക്ക് വിദ്യാലയത്തിന്റെ ഭൗതികാന്തരീക്ഷം മാറ്റിയെടുക്കുക.
- മുഴുവൻ കുട്ടികൾക്കും ശാസ്ത്രപഠനത്തിലെ എല്ലാ നൈപുണികളും സ്വായത്തമാക്കാൻ ഉതകും വിധം ലാബുകൾ സജ്ജമാക്കുക.
- ലഘു പഠനയാത്രകൾ , പഠനക്യാമ്പുകൾ, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസ്സുകൾ, സെമിനാറുകൾ, പ്രൊജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
- പുതിയതലമുറയിൽ കൃഷിയോടുള്ള താൽപര്യം വളർത്തിയെടുക്കുക.
- ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക , അതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് അവരെ ബോധവാൻമാരാക്കുക.
- പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.
- ജൈവവൈവിധ്യ ഉദ്യാനം, ഔഷധ ഉദ്യാനം എന്നിവ സംരക്ഷിക്കുക, കൂടുതൽ മെച്ചപ്പെടുത്തുക.
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യ ധാരയിലെത്തിക്കുക.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരമൊരുക്കുക.
- കുട്ടികൾക്കായി ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കുക.

- സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
- പ്രാദേശികമായി ലഭ്യമായ റിസോഴ്സുകളെ /വിഭവങ്ങളെ പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുക.
- കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണ നടപ്പിലാക്കുക
- മാലിന്യസംസ്കരണത്തിന് സാധ്യമായ വിവിധ മാർഗ്ഗങ്ങൾ വിദ്യാലയത്തിൽ നടപ്പിലാക്കുക.
- ഉച്ചഭക്ഷണം കൂടുതൽ വൈവിധ്യവും ജനകീയവുമാക്കുക.
- കുട്ടികളിലെ കായികക്ഷമത ഉറപ്പുവരുത്തുന്നതിനാവശ്യമായ രീതിയിൽ കായിക പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- ടാലന്റ് ലാബ് എന്ന ആശയം നടപ്പിലാക്കുക.

## അക്കാദമിക മാസ്റ്റർ പ്ലാൻ

### വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം -മേഖല:മലയാളം

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ |
|---|---|
| ഭാഷപരമായ ശേഷിരാഹിത്യം | • ജൂൺ ആദ്യവാരം തന്നെ കുട്ടികളുടെ അടിസ്ഥാനശേഷി പരിശോധന പൂർത്തിയാക്കുന്നു.<br>• ഒഴിവുദിവസങ്ങളിൽ കുട്ടികളേയും രക്ഷിതാവിനേയും പങ്കെടുപ്പിച്ചുകൊണ്ടുള്ള കൈത്താങ്ങ് പഠനക്ലാസുകൾ നടത്തുന്നു. |
| വ്യത്യസ്ത സാഹിത്യതലങ്ങൾ പരിചയപ്പെടുന്നതിന് | ചങ്ങാതിക്കൂട്ടം<br>• വ്യത്യസ്ത കലാരൂപങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് കുട്ടികൾക്കായി വിവിധ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. |
| | പാവനാടകം ശിൽപശാല<br>• കുട്ടികൾ,രക്ഷിതാക്കൾ,അധ്യാപകർ എന്നിരെ ഉൾ പ്പെടുത്തിക്കൊണ്ട് പാവ നിർമ്മാണ ശിൽപശാല(ഇവ പാഠഭാഗങ്ങൾക്ക് അനുയോജ്യമായവ ആയിരിക്കും) |
| മലയാളവുമായി ബന്ധപ്പെടുത്തി സ്കൂൾ പഠനാന്തരീക്ഷം ആകർ ഷണീയമാക്കൽ | • സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ ,കഥാസന്ദർഭങ്ങൾഎന്നിവ ഉൾപ്പെടുത്തി സ്കൂൾ ചുമരുകളിൽ ചിത്രങ്ങൾ വരക്കുന്നു. |
| ഭാഷയുമായി ബന്ധപ്പെട്ട ഉയർന്ന | സാഹിത്യച്ചുമർ<br>• കുട്ടികൾ അവർ തയ്യാറാക്കിയ സൃഷ്ടികൾ സ്കൂളിൽ പ്രത്യേകം |

| | |
|---|---|
| സാഹിത്യശേഷികൾ കൈവരിക്കൽ | സജ്ജമാക്കിയ സാഹിത്യ ചുമരിൽ പ്രദർശിപ്പിക്കുന്നു.ഓരോ മാസത്തേയും സൃഷ്ടികൾ ചേർത്തുവെച്ച് മാസികകൾ തയ്യാറാക്കുന്നു. |
| ഭാഷാപരമായ അടിസ്ഥാനശേഷികൾ കൈവരിക്കൽ | • ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു.കൈത്താങ്ങ് പഠനക്ലാസുകളിൽ ഈ വർക്ക് ഷീറ്റുകൾ ഉപയോഗിക്കുന്നു.<br>• കുട്ടികൾക്ക് ഏതുസമയത്തും വന്ന് വായിക്കാൻ പറ്റുന്ന രീതിയിൽ വായനാമൂല സജ്ജീകരിക്കുന്നു.വിവിധ നിലവാരക്കാർക്ക് അനുസൃതമായ പുസ്തകങ്ങൾ,മാഗസിനുകൾ എന്നിവ ലഭ്യമാക്കുന്നു. |
| ഭാഷാപഠനം ലളിതവും ആകർഷവുമാക്കൽ | • കുട്ടികളുടെ ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ഭാഷാലാബ് തയ്യാറാക്കുന്നു.<br>• ഇന്റർനെറ്റിൽ ലഭ്യമായ പുസ്തകങ്ങൾ ചേർത്തുകൊണ്ട് ഡിജിറ്റൽ ലൈബ്രറി തയ്യാറാക്കുന്നു. |
| ഉയർന്ന സാഹിത്യാഭിരുചി വളർത്താനുള്ള സാഹചര്യമില്ലാത്തത്. | • പ്രാദേശികവും അല്ലാത്തതുമായ കലാകാരൻമാരെ പങ്കെടുപ്പിച്ച് കൊണ്ടുള്ള സ്കൂൾതല ക്യാമ്പ്.<br>• പ്രാദേശികമായി ലഭ്യമായ സാഹിത്യകാരൻമാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രാദേശിക സാഹിത്യക്കൂട്ടായ്മ.<br>• കുട്ടികൾക്ക് അവരുടെ സാഹിത്യവാസനകൾ പ്രകടിപ്പിക്കാൻ അവസരം നൽകിക്കൊണ്ടുള്ള സ്കൂൾ ആകാശവാണി.<br>• ലൈബ്രറി കൗൺസിലിന്റെ നേതൃത്വത്തിൽ ഓരോ മാസത്തിലും മികച്ച് ആസ്വാദക്കുറിപ്പ് കണ്ടെത്തി പ്രോത്സാഹിപ്പിക്കൽ. |

## അക്കാദമിക മാസ്റ്റർ പ്ലാൻ

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം -മേഖല:English

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ |
|---|---|
| Ineffective teaching | • Classes in the target language for teachers.<br>• Workshop for teachers by language experts.<br>• Workshop for teachers on teaching learning materials. |
| Defective pronounciation | • Audio video clippings on correct pronounciation.<br>• Classes on phonetics by experts.<br>• Language lab<br>• ICT facilites<br>• Video clippings<br>• Readers theatre |
| Lack of communication skill | • Dramatisation of stories and enacting them.<br>• Conducting debates and seminars.<br>• Conducting english fest<br>• Theatre workshop<br>• Language lab<br>• Formation of english club.<br>• English assembly.<br>• English chatting through skype,messenger etc.<br>• Developing translation skills. |
| Addressing slow pace learners. | • TM and TLM addressing the slow pace learners.<br>• Special coaching classes for slow pace learners.<br>• Conducting action research on slow pace learners. |
| Support to gifted | • Special coaching classes using language experts. |

| | |
|---|---|
| children. | • Introducing English library.<br>• English book exhibition.<br>• Classes on creative writing.<br>• Magazines created by children.Digital library |
| Insufficient vocabulary | • Word games<br>• Word study using computers<br>• spelling contests<br>• making cross word puzzles<br>• Dictionary making using the words of the text book. |
| Deffective sentence pattern | • Making sentence cards.<br>• Using sentence cards in class room.<br>• Correct sentence structure with ICT facilities.(conversations)<br>• Publishing magazines in english.<br>• Publishing printed magazines.<br>• English bulletin.<br>• Playing equipments for learning english.<br>• Writing Blog. |
| Illegible hand writing | • Writing with ICT facilities<br>• Peer group learning<br>• English diary.<br>• English pen friends. |
| | |

## അക്കാദമിക മാസ്റ്റർ പ്ലാൻ

### വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം -മേഖല:പരിസ്ഥിതി

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ |
|---|---|
| സ്കൂളിൽ മനോഹരമായ പൂന്തോട്ടത്തിന്റെ കുറവ് | സ്കൂൾ പരിസരം പച്ചപ്പ് കൊണ്ട് നിറയ്ക്കുക<br>• ചെടികൾ<br>• വൃക്ഷത്തൈകൾ<br>• പഴ വർഗങ്ങൾ |
| വീട്ടിലെ അടുക്കളത്തോട്ടം | • കുട്ടികൾ മാതാപിതാക്കളെയുംഅധ്യാപകരെയും സഹായത്തിൽ പച്ചക്കറിത്തോട്ടം വച്ചു പിടിപ്പിക്കുന്നു<br>• ഒരു കുട്ടിക്ക് ഒരു കൊടിമരം പദ്ധതി (കുരുമുളക് വള്ളി )<br>• കോഴി, ആട് വളർത്തൽ<br>• സ്കൂൾ പച്ചക്കറിത്തോട്ടം |
| പ്ലാസ്റ്റിക് മൂലമുള്ള മലിനീകരണം<br><br>ജലദൗർലഭ്യം | • പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം<br><br>• ജലസംരക്ഷണമാർഗങ്ങൾ, മഴവെള്ളസംഭരണി,ബോധവല്കരണം |
| സ്കൂൾതന്നെ പാഠപുസ്തകം | • ജൈവവൈവിധ്യ പാർക്ക് വിപുലപ്പെടുത്തൽ |

| | |
|---|---|
| | • BALA വ്യാപനം<br>• ഔഷധത്തോട്ടം<br>• ശലഭോദ്യാനം |
| | • |

അക്കാദമിക മാസ്റ്റർ പ്ലാൻ

വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം -മേഖല: ലൈബ്രറി

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | |
|---|---|---|
| പുസതകങ്ങൾ കുറവ് | • പുസ്തക ശേഖരണം (ഒരു കുട്ടിയുടെ വീട്ടിൽ നിന്ന് ഒരു പുസ്തകം)<br>• പിറന്നാളിന് ഒരു പുസ്തകം - തുറന്ന ലൈബ്രറിയിലേക്ക് - (അസംബ്ലിയിൽ പിറന്നാൾ ആശംസ പറഞ്ഞ് കുട്ടികളിൽ പുസ്തകം തരാനുള്ള ആവേശം ഉണ്ടാക്കൽ | |
| പുസ്തകങ്ങൾ സൂക്ഷിക്കാനുള്ള അലമാരകളുടെ കുറവ് | • സ്പോൺസർഷിപ്പിലൂടെ സംവിധാനമൊരുക്കൽ | |
| ക്ലാസ് ലൈബ്രറി ആകർഷകമല്ല | • മികച്ച ക്ലാസ് ലൈബ്രറി കണ്ടെത്തൽ<br>(പുസ്തകങ്ങൾ വിതരണം ചെയ്യുന്ന രീതി നോക്കി)ക്ലാസിലെ അഅലമാരയ്ക്ക് ഡോർ വെക്കൽ<br>• പുസ്തകങ്ങൾ വാങ്ങൽ - | |

അക്കാദമിക മാസ്റ്റർ പ്ലാൻ

വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം -മേഖല:ഐടി

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ |
|---|---|
| ആവശ്യമായ കമ്പ്യൂട്ടറുകളുടെ കുറവ് | • ആവശ്യമായ കമ്പ്യൂട്ടറുകളുടെ ശേഖരണത്തിന് പിടിഎ,പൂർവ്വ വിദ്യാർത്ഥികളെ സമീപിക്കുന്നു.<br>• ചുരുങ്ങിയത് 25 കമ്പ്യൂട്ടറുകൾ എങ്കിലും ശേഖരിക്കുന്നു. |
| വൈദ്യുതിയുടെ അഭാവത്തിൽ പാഠഭാഗങ്ങൾ പൂർത്തിയാക്കാൻ സാധിക്കുന്നില്ല. | • മുഴുവൻ കംമ്പ്യൂട്ടറുകളും പ്രവരത്തിപ്പിക്കാനാവശ്യമായ ഇൻവെർട്ടർ സംവിധാനം ഒരുക്കുക. |
| പാഠഭാഗങ്ങൾ ഐസിടി സാധ്യത ഉപയോഗിച്ച് വിനിമയം ചെയ്യാനുള്ള പ്രയാസം | • മുഴുവൻ ക്ലാസുകളിലും ലാപ്ടോപ് ,പ്രൊദക്റ്റർ ,സംവിധാനം ഒരുക്കുക |
| ഇൻ്റർനെറ്റ് LAN | • ലഭ്യമായ മുഴുവൻ കമ്പ്യൂട്ടറുകളിലും LAN സംവിധാനം ഒരുക്കൽ |

| | |
|---|---|
| സംവിധാനങ്ങളുടെ കുറവ് | • മുഴുവൻക്ലാസുകളും LAN വഴി ബന്ധിപ്പിക്കുന്നു.ക്ലാസുകളിൽ ലൈവ് വീഡിയോ കാണാനുള്ള അവസരം സാധ്യമാക്കുന്നു. |
| സ്കൂളിലെ അക്കാദമിക വിവരങ്ങൾ രക്ഷിതാക്കളിലും നാട്ടുകാരിലും എത്തിക്കാനുള്ള കാലതാമസം | • ഓരോ ആഴ്ചയിലേയും പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് യു ട്യൂബ് വാർത്താചാനൽ തയ്യാറാക്കുക.<br>• ഓരോ ക്ലാസിലും വാട്സ്ആപ് ഗ്രൂപ്പുകൾ ആരംഭിക്കുക. |
| ആവശ്യമായ ഐസിടി സാധ്യതകൾ കുട്ടികൾക്കും അധ്യാപകർക്കും ലഭ്യമാവുന്നില്ല. | • മുഴുവൻ ആളുകൾക്കും ലഭ്യമായ രീതിയിൽ ഐസിടി സാധ്യതകൾ ഉൾക്കൊള്ളിച്ചുകൊണ്ട് മൊബൈൽ ആപ്പ് ആരംഭിക്കുക. |
| ഐസിടി വിഭവങ്ങൾ കൈകാര്യം ചെയ്യുന്നതിൽ അധ്യാപകർക്കുള്ള കഴിവ് വർദ്ധിപ്പിക്കുക. | • കുട്ടികളുടെ സാഹിത്യ സൃഷ്ടികൾ പ്രദർശിപ്പിക്കുന്നതിനായി കുട്ടി ബ്ലോഗ് ആരംഭിക്കുക. |
| കുട്ടികളിലെ | • പരമാവധി പുസ്തകങ്ങൾ ശേഖരിച്ചുകൊണ്ട് ഇ ലൈബ്രറി |

| | |
|---|---|
| വായനയെ പ്രോത്സാഹിപ്പിക്കുക. | തയ്യാറാക്കുക. |
| ആധുനിക സാങ്കേതിക വിദ്യകളെ കുറിച്ചുള്ള ധാരണക്കുറവ് | • മുഴുവൻ കുട്ടികൾക്കും ഇ-മെയിൽ ഐഡി തയ്യാറാക്കുക.<br>• വീഡിയോ എഡിറ്റിംഗ് പരിശീലനവും ലഘു സിനിമാ നിർമ്മാണ പരിശീലനവും നൽകുക.<br>• സൈബർ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക. |
| പഠനവിഭവങ്ങൾ പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ല. | • വീട്ടിൽ കമ്പ്യൂട്ടറുകൾ ഉള്ള മുഴുവൻ കുട്ടികൾക്കും അതിൽ ഉബണ്ടു ഇൻസ്റ്റാൾ ചെയ്ത് കൊടുക്കുക. |
| ഐസിടി ഉപകരണങ്ങൾ നന്നാക്കുന്നതിലുള്ള കാലതാമസം നേരിടുന്നു. | • പ്രാദേശികമയി ലഭ്യമായ ആളുകളെ പങ്കെടുപ്പിച്ചുകൊണ്ട് ഹാർഡ്‌വെയർ പരിശീലനം. |
| കുട്ടികൾക്ക് പഠനം എളുപ്പവും രസകരവുമാക്കുക. | • പേപ്പർഫ്രീ ക്ലാസ് റൂം എന്ന ലക്ഷ്യത്തിലേക്കായ് മുഴുവൻ കുട്ടികൾക്കും ടാബ് ഉപയോഗിക്കാനുള്ള അവസരം തയ്യാറാക്കുന്നു.(ഒരു ക്ലാസിലെങ്കിലും) |
| | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം -മേഖല:പിടിഎ

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ |
|---|---|
| എസ് .എസ്.ജി യുടെ സഹായം അക്കാദമിക അനക്കാദമികേതര പ്രവർത്തനങ്ങളിൽ ഉൾക്കൊള്ളിക്കൽ | • രക്ഷിതാക്കളിൽ നിന്നും യോഗ്യരായവരുടെ വിവരശേഖരണം<br>• രക്ഷിതാക്കളെ പഠനപ്രവർത്തനങ്ങളിൽ ഉൾക്കൊള്ളിക്കൽ<br>• യു.എസ്.എസ് പരിശീലനം<br>• കലാകായികമേള<br>• മുന്നേറ്റം ക്ലാസ് |
| എം.ടി.എ /പിടി എ പ്രാതിനിധ്യക്കുറവ് | • മാസത്തിൽ നിശ്ചിത ദിവസം ജനറൽ എക്സിക്യൂട്ടീവ് യോഗം ചേരുക<br>• ബോധവൽക്കരണ ക്ലാസുകൾ<br>• കോർണർ പിടി എ<br>• ഗൃഹസമ്പർക്ക പരിപാടി<br>• ഉച്ചഭക്ഷണ പരിപാടിയിൽ പങ്കൊള്ളിക്കൽ<br>• കോർണർ പി.ടി.എ യിൽ രക്ഷിതാവിനേയും കുട്ടികളേയും ഉൾക്കൊള്ളിച്ച് കല ,സാംസ്കാരിക പ്രവർത്തനങ്ങൾ നടത്തൽ |

| | |
|---|---|
| എം.ടി.എ /പി.ടി.എസ്കൂൾ പ്രവർത്തനങ്ങൾ അറിയിക്കൽ | • "ഹലോ സ്കൂൾ" പ്രോജക്റ്റ് നടപ്പിലാക്കൽ<br>• മൊബൈൽഫോൺ കമ്മ്യൂണിക്കേഷൻ സിസ്റ്റം<br>• എല്ലാ ദിവസവും ഓരോ രക്ഷിതാക്കൾ വീതം (5,6,7 ക്ലാസിലെ )സ്കൂളിലേക്ക് വരാനുള്ള പ്രവർത്തനങ്ങൾ |
| എം.ടി.എ /പി.ടി.എ പ്രവർത്തകസമിതിക്ക്കൃത്യമായ ദിശബോധം | • എം.ടി.എ /പി.ടി.എ പ്രവർത്തന കലണ്ടർ തയ്യാറാക്കൽ |

## അക്കാദമിക മാസ്റ്റർ പ്ലാൻ

### വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല: കണക്ക്

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ |
|---|---|
| ശിശുസൗഹൃദ പഠന സാമഗ്രിയുടെ കുറവ് | • ഗണിതലാബ് ശാക്തീകരണം<br>• ക്ലാസ് ഗണിതലാബ് ഗണിതലാബ് ശാക്തീകരണം |
| മികച്ച ഗണിത ഗ്രന്ഥങ്ങളുടെ അഭാവം | • ഗണിത പുസ്തകങ്ങൾ ശേഖരിച്ച്<br>• മികച്ച ഗണിത ലൈബ്രറി ഉണ്ടാക്കുക |
| ഗണിത പഠനം രസകരവും ആകർഷകവുമാക്കാൻ സാധിക്കുന്നില്ല | • ഗണിത ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കൽ<br>• ഗനിത ക്ലബ് ശാക്തീകരണം |
| ഗണിതത്തിലെ മുഴുവൻ ശേഷിയും നേടാൻ പല കുട്ടികൾക്കും കഴിയുന്നില്ല. | • Maths clinic<br>• Maths work sheet<br>• Geogebra പരിശീലനം<br>• ഗണിസ്റ്റിറ്റ് അവതരണം<br>• മുന്നേറ്റം ക്ലാസുകൾ |

## അക്കാദമിക മാസ്റ്റർ പ്ലാൻ

### വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല:

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ |
|---|---|
| മികച്ച ഗണിത പ്രതിഭകളെ കണ്ടെത്തുന്നതിനും വളർത്തുന്നതിനും സാധിക്കുന്നില്ല | • ഗണിത മെഗാക്വിസ്<br>• Maths talent search examination<br>• Maths ക്യാമ്പുകൾ,<br>• ഗണിതോത്സവം<br>• Resource Teachers Camps<br>• Video classes<br>• Little Mathematics program |
| ഗണിത കളി, ചെസ്സ്, പസിൽസ് നാട്ടറിവ് ഒറിഗാമി, സെമിനാർ,പാട്ട്, | • ഗണിത ഗെയിം കോർണർ |

| | |
|---|---|
| കഥ, എന്നിവ അടുത്തറിയാൻ അവസരം കിട്ടുന്നില്ല | • പസിൽ കോർണർ<br>• പാട്ട്, കഥ, നാടക ക്യാമ്പ്<br>• നാട്ടറിവ് ശേഖരണം<br>• ചെസ്സ് ക്യാമ്പ് |
| കമ്പ്യൂട്ടർ സ്വന്തമായി ഉള്ളവരിൽ Ubuntu ഇല്ലാത്തതിനാൽ ICT ഗുണം ലഭിക്കുന്നില്ല | • Ubuntu വ്യാപനം (വീട്ടിൽ Ubuntu install ചെയ്യൽ |
| ഗണിത സാഹിത്യത്തിന് ആധുനിക ഇടം പരിജയമില്ല സ്വതന്ത്ര രചനക്ക് അവസരമില്ല | • ബ്ലോഗ് എഴുത്ത് |

## അക്കാദമിക മാസ്റ്റർ പ്ലാൻ

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം -മേഖല

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ |
|---|---|
| സാമൂഹിക സേവനം മനസിലാക്കൽ | • പാലിയേറ്റീവ് പ്രവർത്തകരെകൊണ്ട് ക്ലാസ് സംഘടിപ്പിക്കുക<br>• പാലിയേറ്റീവ് കെയർ ക്ലിനിക് സന്ദർശനം<br>• രോഗികളുമായി അടുത്തിടപഴകാനുള്ള അവസരം<br>• രോഗികൾക്ക് ഓണം,ബക്രീദ്, ക്രിസ്തുമസ് ദിവസങ്ങളിൽ കിറ്റ് വിതരണം<br>• പാട്ടുവണ്ടി, പാട്ട്, പ്രസംഗം,നാടകം എന്നിവയിൽ മികവ് പുലർത്തുന്ന കുട്ടികളെ കണ്ടെത്തി സമീപ പ്രദേശങ്ങളിൽ പരിപാടി സംഘടിപ്പിക്കുക.<br>• പൈസ ശേഖരിച്ച് സാമൂഹിക സേവനത്തിന് ഉപയോഗിക്കുക |
| ജൈവവൈവിധ്യ പാർക്ക് നിർമാണം | • ക്ലാസ് സംഘടിപ്പിക്കുക, ജൈവവൈവിധ്യ ങ്ങളെ പറ്റി അവബോധം നൽകൽ<br>• പഠനയാത്ര, ജൈവവൈവിധ്യ പാർ |

## പ്രതീക്ഷിത നേട്ടങ്ങൾ

1. എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ്, മലയാളം ഭാഷകൾ നന്നായി എഴുതാനും വായിക്കാനും സംസാരിക്കാനുമുള്ള കഴിവ് ഉണ്ടാകുന്നു.
2. ചതുഷ്ക്രിയകൾ കൈകാര്യം ചെയ്യാനുള്ള കഴിവുണ്ടാകുന്നു.
3. എല്ലാവർക്കും കമ്പ്യൂട്ടർ പരിജ്ഞാനം ലഭിക്കുന്നു.
4. സർഗ്ഗാത്മക കഴിവുകൾ വികസിക്കുന്നു.
5. ലഹരി വിമുക്ത തലമുറയായി വളർന്നു വരുന്നു.
6. എല്ലാ സമൂഹത്തിലുംപെട്ട കുട്ടികൾ പഠിക്കുന്ന ഒരു കാമ്പസായി മാറുന്നു.
7. കാർഷിക സംസ്ക്കാരമുള്ള ഒരു തലമുറ വളർന്ന് വരുന്നു.

## മോണിട്ടറിംഗ്

- ഉദ്യോഗസ്ഥതലത്തിലുള്ള മോണിട്ടറിംഗ് സ്കൂൾതലം മുതൽ ശക്തമാക്കുന്നു.
- സോഷ്യൽ മോണിട്ടറിംഗ് രീതി (പി.ടി.എ., എം. പി.ടി.എ., എസ്.എസ്.ജി, എസ്. ആർ.ജി., ഒ.എസ്. എസ് എന്നിവരെ ഉൾപ്പെടുത്തി നടപ്പാക്കണം.
- ദൈനംദിന മോണിട്ടറിംഗ് എച്ച്.എം./ പ്രിൻസിപ്പാൾ, എസ്. ആർ.ജി. കൺവീനർ, പി.ടി.എ. പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ നടത്താം.

## ഉപസംഹാരം

അധ്യാപകരും രക്ഷകർത്താക്കളും പൊതുസമൂഹവും ഒന്നിച്ച് ചേർന്നുള്ള മോണിട്ടറിംഗ് ആണ് കൂടുതൽ അഭികാമ്യം.

പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യത്തോടെ അധ്യാപകരുടെയും രക്ഷകർത്താക്കളുടേയും പൂർവ്വവിദ്യാർത്ഥികളുടെയും സഹകരണത്തോടെ ഒരുമിച്ച് പ്രവർത്തിച്ച് ഈ സ്കൂൾ എല്ലാ വിഭാഗത്തിലുംപെട്ട കുട്ടികൾ പഠിക്കുന്ന ഒരു ഹൈടെക് സ്കൂളാക്കുന്നതിനുള്ള പ്രവർത്തനത്തിന് തുടക്കം കുറിക്കുകയാണ്. എല്ലാവരുടെയും ഒത്തൊരുമയോടുള്ള പ്രവർത്തനങ്ങൾ ഇത് സാധ്യമാകും എന്നുള്ള പൂർണ്ണ വിശ്വാസത്തോടെ ഈ മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നു.